DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

02-11-2019

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കൊല്ലം ജില്ലയിലെ തൃക്കടവൂർ കൃഷിഭവൻ മുഖാന്തിരം ജനകീയാസൂത്രണ പദ്ധതികളായ ഗ്രോബാഗിൽ പച്ചക്കറി കൃഷി, സമഗ്ര പുരയിടകൃഷി, ഫലവൃക്ഷത്തൈകളുടെ വിതരണം തുടങ്ങിയവയ്ക്കു അപേക്ഷ നൽകിയിട്ടുള്ള കർഷകർ നവംബർ 15 മുൻപ് കൃഷിഭവനിൽ ഗുണഭോക്തൃവിഹിതം അടയ്ക്കണമെന്ന് തൃക്കടവൂർ കൃഷി ഓഫീസിർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 2700266.

## അപേക്ഷ ക്ഷണിക്കുന്നു

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മുഖാന്തിരം 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രോജക്ട് അടിസ്ഥാനത്തിലുള്ള കാർഷിക പദ്ധതികൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.hortnet.kerala.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള, മീഡ്സ് ലൈൻ, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം -34 എന്ന

മേൽവിലാസത്തിലോ 0471-2330856, 2330867 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

## അറിയിപ്പ്

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ കടാശ്വാസത്തിനുള്ള വ്യക്തിഗത അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2019 നവംബർ 15 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയിലേക്ക് നവംബർ 30 വരെ അപേക്ഷിക്കാം

കേരളത്തിലെ റബ്ബർകർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് കിലോഗ്രാമിന് കുറഞ്ഞത് 150 രൂപ വില ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരളസർക്കാർ റബ്ബർബോർഡിന്റെ സഹകരണത്തോടെ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയിൽ ചേരാത്ത കർഷകർക്ക് 2019 നവംബർ 30 വരെ അപേക്ഷകൾ സമർപ്പിക്കാം. ഷീറ്റുറബ്ബർ കിലോഗ്രാമിന് 150 രൂപയും റബ്ബർപാൽ കിലോഗ്രാമിന് 142 രൂപയും ഉറപ്പാക്കുന്ന ഈ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള കാലാവധി സെപ്റ്റംബർ 30-ന് അവസാനിച്ചിരുന്നു. പുതിയ അപേക്ഷകളുടെ വിവരങ്ങൾ പദ്ധതിയുടെ ഓൺലൈൻ പോർട്ടലിൽ ചേർക്കുന്നതിന് റബ്ബറുത്പാദകസംഘങ്ങൾക്ക് കൂടുതൽ സമയം ആവശ്യമായതിനാൽ പുതിയ രജിസ്ട്രേഷനുള്ള കാലാവധി നീട്ടിക്കൊടുക്കണമെന്ന് സംസ്ഥാനസർക്കാരിനോട് റബ്ബർബോർഡ്

അഭ്യർത്ഥിച്ചിരുന്നു. റബ്ബർബോർഡിന്റെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള കർഷകരുടെയും അഭ്യർത്ഥന പരിഗണിച്ചുകൊണ്ടാണ് പദ്ധതിയിൽ ചേരുന്നതിനുള്ള കാലാവധി നീട്ടിക്കൊണ്ട് സർക്കാർ ഉത്തരവിട്ടിരിക്കുന്നത്. നിലവിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ടിൽ കരമടച്ച രസീതുമായി റബ്ബറുത്പാദകസംഘങ്ങളെ സമീപിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഫോൺ: 0481 2576622

## നെൽകർഷകർക്കൊരു അറിയിപ്പ്

നെൽകർഷകർക്കൊരു അറിയിപ്പ് ഇനി പറയുന്നു. നെൽ കർഷകർ മുണ്ടകൻ കൃഷിയ്ക്കായി വളപ്രയോഗം നടത്തേണ്ടത് മഴയും വെള്ള ക്കെട്ടും നോക്കി വെള്ളത്തിന്റെ അളവ് പാടത്തു ക്രമീകരിച്ചിട്ടുവേണം രണ്ടാം മേൽവളപ്രയോഗം നടത്താൻ. രാസവളപ്രയോഗത്തിനാവശ്യമായ വളങ്ങളുടെ അളവുകൾ ചേർത്തിട്ടുള്ള പട്ടികയിൽ നോക്കി കൃഷി ചെയ്തിട്ടുള്ള വിത്തിനങ്ങൾക്കനുസരിച്ച് വളപ്രയോഗം നടത്താൻ പ്രത്യേകം ശ്രദ്ധിക്കണം. നെല്ലിനെ കുലവാട്ടം, പോളരോഗം, പോള അഴുകൽ എന്നീ രോഗങ്ങൾ ബാധിക്കാനുള്ള സാദ്ധ്യത കൂടുതലുള്ള സമ യമാണ്. ഇവയ്ക്കെതിരെ സ്യൂഡോമോണാസ് ഫ്ളൂറസൻസ് എന്ന ബാക്ടീരിയൽ കൾച്ചർ ഉപയോഗിക്കുന്നത് ഫലപ്രദമാണ്. 20 ഗ്രാം കൾച്ചർ 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഞാറ് നട്ട് 45 ദിവസ മാകുമ്പോൾ നെൽചെടികളിൽ നന്നായി വീഴത്തക്ക രീതിയിൽ തളിച്ചു

കൊടുക്കണം. പച്ചച്ചാണകം വെള്ളത്തിൽ കലക്കി നെൽച്ചെടികളിൽ തളിക്കുന്നത് ബാക്ടീരിയൽ ഇലകരിച്ചിൽ രോഗത്തെ നിയന്ത്രിക്കുന്നതിന് നല്ലതാണ്. ഒരു ഹെക്ടറിന് 5 കി.ഗ്രാം ബ്ലീച്ചിംഗ് പൗഡർ കിഴികെട്ടി പാടത്തു വെള്ളം കയറ്റുന്ന ചാലിന്റെ മുഖപ്പിൽ ഇടുന്നത് ഇലകരിച്ചിൽ (ബാക്ടീരിയൽ) രോഗം വ്യാപിക്കുന്നത് തടയാൻ സഹായകമാണ്.